## I. ദൈവരാജ്യം ദിവ്യജീവന്റെ മണ്ഡലമാണ്

- ജീവനെ ജീവനായി, അതായത്, യഥാർഥ ജീവനായും, ശരിക്കും ജീവനായി പരിഗണിക്കാവുന്ന ഏക ജീവൻ ദൈവജീവനാണ്.നമുക്ക് ജീവൻ ഉണ്ടായിരിക്കുന്നതിനാണ് കർത്താവായ യേശു വന്നത്, ഇതിനായി അവന്റെ ഉള്ളിൽനിന്നുള്ള ദിവ്യജീവനെ വിടുവിക്കേണ്ടതിന് അവൻ തന്റെ ദേഹിജീവനെ വച്ചുകൊടുക്കുകയും, അവന്റെ പുനരുത്ഥാനത്തിൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനത്തിലേക്ക് തന്റെ ദിവ്യജീവനെ അവൻ പകരുകയും ചെയ്തു. ദൈവത്തിന്റെ ഭരണത്തിനുള്ള മണ്ഡലമെന്ന നിലയിൽ ദൈവത്തിന്റെ ജീവനെക്കൊണ്ട് സംരചിക്കപ്പെട്ട ഒരു ജൈവരൂമാണ് ദൈവരാജ്യം, അതിൽ അവൻ തന്റെ ജീവനാൽ വാഴുകയും ദിവ്യജീവനിൽ ദിവ്യത്രിത്വമെന്ന നിലയിൽ അവനെത്തന്നെ ആവിഷ്കരിക്കുകയും ചെയ്യുന്നു..

- ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള നിസ്തുലമായ മാർഗം ദൈവത്തെ ജീവനായി സ്വീകരിക്കുകയും ദൈവത്തെത്തന്നെ നേടുകയും ചെയ്യുക എന്നതാണ്. നമ്മുടെ ആത്മാവിലുള്ള ദിവ്യജീവൻ ദൈവരാജ്യത്തെ അറിയുന്നു. ജീവബോധം നമ്മുടെ ഉള്ളിലുള്ള ദിവ്യജീവന്റെ അനുഭൂതി, അന്തർബോധം ആണ്. ജീവബോധത്തിന്റെ ഉറവിടം ദിവ്യജീവനും, ജീവന്റെ പ്രമാണവും, പരിശുദ്ധാത്മാവും, ക്രിസ്തു നമ്മിൽ വസിക്കുന്നതും, ദൈവം നമ്മിൽ വ്യാപരിക്കുന്നതും ആണ്. ജീവബോധത്തിൽ മരണത്തിന്റെ അനുഭൂതിയും ജീവന്റെയും സമാധാനത്തിന്റെയും അനുഭൂതിയും ഉൾപ്പെടുന്നു. ജീവബോധം നാം ജീവിക്കുന്നത് സ്വാഭാവിക ജീവനിലാണോ അതോ ദിവ്യ ജീവനിലാണോ എന്നും, നാം ജീവിക്കുന്നത് ജഡത്തിലാണോ അതോ ആത്മാവിലാണോ എന്നും നമ്മെ അറിയുമാറാക്കുന്നു. ഒട്ടിച്ചുചേർക്കപ്പെട്ട ഒരു ജീവിതം നയിക്കുവാൻ, ശരിയുടെയും തെറ്റിന്റെയും തത്ത്വപ്രകാരമല്ല, ജീവന്റെ തത്ത്വപ്രകാരമാണ് നാം ജീവിക്കേണ്ടത്. നാം ജീവബോധത്തെ പിന്തുടരണമെങ്കിൽ, ദിവ്യപകർച്ചയിലുള്ള ഒരു സാധാരണ ജീവിതം നയിച്ചുകൊണ്ട് നാം ശാന്തവും, സ്ഥിരതയുള്ളതും, സാവധാനവുമായ രീതിയിൽ ജീവിക്കണം. ജീവബോധം നമ്മെ വഴികാട്ടുകയും, നമ്മെ ഭരിക്കുകയും, നമ്മെ നിയന്ത്രിക്കുകയും, നമ്മെ നിർദേശിക്കുകയും ചെയ്യുന്നു.

- ദിവ്യ ജീവൻ ഉള്ളവനും ജീവൻ തന്നെയുമായ പുത്രനിലേക്ക് വിശ്വസിക്കുന്നതിലൂടെ വിശ്വാസികൾ ദിവ്യജീവൻ സ്വീകരിക്കുകയും, ദൈവത്തിൽനിന്ന് ജനിക്കുന്നതിലൂടെ അവർ ആത്മാവിൽനിന്ന് ജനിക്കുകയും ചെയ്യുന്നു. വിശ്വാസികൾക്ക് ജീവനുള്ളത് ദൈവത്തിൽനിന്ന് പിരിഞ്ഞ് തങ്ങളിൽത്തന്നെയല്ല, പിന്നയോ കർത്താവുമായുള്ള ജൈവിക ഐക്യത്തിലാണ്; അതായത്, ക്രിസ്തുവിൽ മാത്രമാണ് അവർക്ക് ജീവനുള്ളത്. വിശ്വാസികളിലുള്ള ദിവ്യജീവൻ ക്രിസ്തുവിന്റെ ശരീരത്തിന്റെ ജീവനാണ്; അതിനാൽ അത് ഒരു വ്യക്തിഗത ജീവനല്ല, പിന്നയോ ശരീരത്തിൽ അനുഭവമാക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന ശരീരത്തിന്റെ ജീവനായ ക്രിസ്തു എന്ന സംഘാത ജീവനാണ്. നിത്യതയോളം വിശ്വാസികൾ ദൈവജീവൻ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യും. ദിവ്യജീവനിൽ വളരുക എന്നത് ദൈവത്തിന്റെ മൂലകത്തിന്റെ വർധനവും, ക്രിസ്തുവിന്റെ വലുപ്പത്തിന്റെ വർധനവും, പരിശുദ്ധാത്മാവിന്റെ വികാസവുമാണ്. ദിവ്യജീവനിലുള്ള വളർച്ച മനുഷ്യ മൂലകത്തിന്റെ കുറവും, സ്വാഭാവിക ജീവന്റെ തകർച്ചയും, ദേഹിയുടെ എല്ലാ ഭാഗത്തിന്റെയും കീഴ്പ്പെടലും ആണ്.

  [John 3:3] യേശു അവനോട്, സത്യമായി, സത്യമായി ഞാൻ നിന്നോടു പറയുന്നു, ഒരുവൻ പുതുതായി ജനിച്ചില്ല എങ്കിൽ, അവന് ദൈവരാജ്യം കാണുവാൻ കഴിയുകയില്ല എന്ന് ഉത്തരം പറഞ്ഞു.

  [John 11:25] യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും.

  [John 3:5-6] യേശു ഉത്തരം നൽകി, സത്യമായി, സത്യമായി ഞാൻ നിന്നോട് പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല. ജഡത്തിൽനിന്ന് ജനിച്ചിരിക്കുന്നത് ജഡമാകുന്നു, ആത്മാവിൽനിന്ന് ജനിച്ചിരിക്കുന്നത് ആത്മാവാകുന്നു.

  [Rom. 8:2] എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

  [Rom. 8:6] ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

[Rom. 8:6] ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.
[1 Cor. 12:26] ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു.
[Col. 2:19] തലയെ മുറുകെ[പിടിച്ച്] തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

## II. ദൈവരാജ്യം ദിവ്യ ജീവന്റെയും ദിവ്യ ആധിപത്യത്തിന്റെയും മണ്ഡലം മാത്രമല്ല, പിന്നെയോ എല്ലാ ദിവ്യ കാര്യങ്ങളുമുള്ള ദിവ്യ വർഗത്തിന്റെ മണ്ഡലം കൂടിയാണ്

- യോഹന്നാൻ 3-ലെ ദൈവരാജ്യം ദൈവത്തിന്റെ വാഴ്ചയെക്കാളുപരി ദൈവവർഗത്തെയാണ് പരാമർശിക്കുന്നത്. മനുഷ്യവർഗത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം മനുഷ്യനായിത്തീർന്നു; ദിവ്യവർഗത്തിലേക്ക് പ്രവേശിക്കുവാൻ മനുഷ്യൻ, ദൈവത്വത്തിലല്ല, ജീവനിലും പ്രകൃതത്തിലും ദൈവമായിത്തീരുന്നു. ദിവ്യ മണ്ഡലത്തിലേക്ക്, ദിവ്യ വർഗത്തിന്റെ മണ്ഡലത്തിലേക്ക്, പ്രവേശിക്കുന്നതിന് ദിവ്യജീവനും ദിവ്യപ്രകൃതവും ഉണ്ടായിരിക്കുവാൻ നാം ദൈവത്തിൽനിന്ന് ജനിക്കേണ്ടതാവശ്യമാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് മനുഷ്യന്റെ തരത്തിനൊത്തവണ്ണമല്ല, മറിച്ച് ദൈവത്തിന്റെ തരം, ദൈവത്തിന്റെ വർഗം ആയിരിക്കുവാൻ അവന്റെ സ്വരൂപത്തിലും അവന്റെ സാദൃശ്യപ്രകാരവുമാണ്. ആദാമിന് ആന്തരിക യാഥാർഥ്യമില്ലാതെ ദൈവത്തിന്റെ ബാഹ്യ ദൃഷ്ടഭാവം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ക്രിസ്തുവിലുള്ള വിശ്വാസികളും ദൈവമക്കളുമായ നമുക്ക്, ദിവ്യജീവന്റെ യാഥാർഥ്യമുണ്ട്; നമ്മുടെ മുഴുവൻ ആളത്തത്തിൽ നാം കർത്താവിന്റെ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുകയും അനുരൂപപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ, ദിവ്യവർഗത്തിന്റെ മണ്ഡലമായ ദൈവരാജ്യത്തിൽ വിശ്വാസികൾ ജീവിക്കുന്നതിന്റെ വിവിധ വശങ്ങൾ നാം കാണുന്നു: ① അവന്റെ നിറവും കൃപ ലഭിക്കുന്നു; ② നിത്യജീവനിലേക്ക് പ്രവഹിച്ചുയരുന്ന നീരുറവയായിത്തീരുന്ന ജീവ ജലത്തിന്റെ ഉറവയായി അവനെ നാം കുടിക്കുന്നു; ③ അവനെ ഭക്ഷിക്കുകയും അവന്മൂലം ജീവിക്കുകയും ചെയ്യുക; ④ അവന്റെ സ്നേഹത്തിൽ വസിക്കുക; ⑤ നമ്മുടെ സന്തോഷം പൂർണമാകേണ്ടതിനു വേണ്ടി അവന്റെ സന്തോഷം സ്വീകരിക്കുക; ⑥ സത്യം പ്രവർത്തിക്കുകയും ദൈവത്തിൽ പണിതുചേർക്കപ്പെടുകയും ചെയ്യുക; ⑦ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുക; ⑧ അവനിൽ വസിക്കുകയും അവന്റെ വചനം നമ്മിൽ വസിക്കുകയും ചെയ്യുക; ⑨ പിതാവിനോടും പുത്രനോടും കൂടെ പരസ്പരം വസിക്കുക. ; ⑩ അവൻ നമ്മെ സ്നേഹിച്ചതുപോലെ നാം അന്യോന്യം സ്നേഹിക്കുക.

[John 1:12-13] എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി, അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.
[Rom. 8:29] എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;